നം. സി.ഇ.ഇ/165/2008/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

# വിജ്ഞാപനം

## സർക്കാർ ലോ കോളേജുകളിലെ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള 2008 ലെ പ്രവേശന പരീക്ഷ

1. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലെ 2008 അദ്ധ്യയന വർഷത്തെ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ**

(i) **നേറ്റിവിറ്റി**: അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം

(ii) **വിദ്യാഭ്യാസ യോഗ്യത**: സംസ്ഥാനത്തെ ഹയർ സെക്കന്ററി ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്ലസ് ടു പരീക്ഷയോ സംസ്ഥാനത്തെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷയോ 40% മാർക്ക് നേടി പാസ്സായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 35% മാർക്ക് മതി. ഈ വർഷം യോഗ്യതാ പരീക്ഷ എഴുതുന്നവർക്കും/എഴുതിയവർക്കും അപേക്ഷിക്കാം. അവർ അഡ്മിഷൻ വേളയിൽ യോഗ്യതാ പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(iii) **വയസ്സ്**: 2008 ഡിസംബർ 31ന് 17 വയസ്സ് പൂർത്തിയായിരിക്കണം.

3. **പ്രവേശന പരീക്ഷ**: തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് **29-06-2008ന് (ഞായർ)** പ്രവേശന പരീക്ഷ നടത്തുന്നതാണ്. പ്രവേശന പരീക്ഷ പൊതുവിജ്ഞാനം, ഇംഗ്ലീഷ്, നിയമ അഭിരുചി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 200 ചോദ്യങ്ങളുള്ളതും മൂന്ന് മണിക്കൂർ ദൈർഘ്യമുള്ളതും ആയിരിക്കും.

4. **അപേക്ഷാ ഫോറം**: അപേക്ഷാഫോറവും പ്രോസ്പെക്ടസ്സും പ്രവേശന പരീക്ഷാ കമ്മീഷണറുടെ "**cee-kerala.org**" എന്ന വെബ്സൈറ്റിൽ നിന്നും **05-05-2008** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

5. **അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയും സമയവും**: പൂരിപ്പിച്ച അപേക്ഷാ ഫോറവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മറ്റ് രേഖകളും, **2008 ജൂൺ 2-ാം തീയതി (02.06.2008) തിങ്കളാഴ്ച വൈകുന്നേരം 5 മണി**ക്കു മുമ്പായി നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001** എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും എടുത്ത, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 600/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പൊതുവിഭാഗം അപേക്ഷകരും 300/- രൂപയുടെ

ഡിമാന്റ്ഡ്രാഫ്റ്റ് പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട അപേക്ഷകരും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള ആനുകൂല്യത്തിന് അർഹതയുള്ള അപേക്ഷകരും സമർപ്പിക്കേണ്ടതാണ്.

6. **2008 ജൂൺ 2-ാം തീയതി വൈകുന്നേരം 5 മണി**ക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

8. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

9. പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം കോഴ്സിന്റെ പ്രവേശനത്തിനു വേണ്ടി ഒരു കേന്ദ്രീകൃത അലോട്ടുമെന്റ് നടത്തുന്നതാണ്. ഇതിലേക്ക് വ്യക്തിപരമായ അറിയിപ്പുകൾ അയയ്ക്കുന്നതല്ല. അലോട്ട്മെന്റ് സമയത്ത് അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള മുഴുവൻ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

10. കോഴ്സിലേയ്ക്കുള്ള അലോട്ടുമെന്റ് സർക്കാർ അംഗീകരിച്ച പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയ 2008ലെ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. പ്രോസ്പെക്ടസ്സിലെ വിശദ വിവരങ്ങൾ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ പരിശോധിക്കേണ്ടതാണ്.

തിരുവനന്തപുരം

05.05.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**